**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2223** **01-09-2022 - ൽ മറുപടിയ്ക്ക്**

**വെയിംഗ് ബ്രിഡ്ജുകളുടെ കൃത്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഓരോ നെല്ല് സംഭരണ സീസണിന് മുൻപും സംസ്ഥാനത്തെ എല്ലാ വെയിംഗ് ബ്രിഡ്ജുകളും കൃത്യമാണെന്ന് ഉറപ്പ് വരുത്താൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | നെല്ല് സംഭരിക്കുമ്പോൾ ചാക്കിൽ നിറച്ച നെല്ല് ഓരോ കർഷകരിൽ നിന്നും electronic balance ഉപയോഗിച്ച് തൂക്കി എടുക്കുന്ന രീതിയാണ് പൊതുവിൽ അവലംബിച്ചു പോരുന്നത്. Electronic balance calibrate ചെയ്തതാണെന്ന് ഉറപ്പ് വരുത്താറുണ്ട്. സംസ്ഥാനത്ത് ഉപയോഗിക്കുന്ന വെയിംഗ് ബ്രിഡ്ജുകൾ എല്ലാ വർഷവും നിശ്ചിത പാദവർഷത്തിലാണ് കൃത്യത ഉറപ്പാക്കി മുദ്ര പതിക്കുന്നത്. പാദവർഷം A-ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലും B-ഏപ്രിൽ മെയ് ജൂൺ മാസങ്ങളിലും C-ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും D-ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലും ആണിത്. നെല്ല് സംഭരണ പ്രദേശങ്ങളിലെ വെയിംഗ് ബ്രിഡ്ജുകളുടെ സർവ്വീസിംഗും പരിശോധനയും ഉറപ്പു വരുത്തുന്നതിനായി ലീഗൽ മെട്രോളജി വകുപ്പിന് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) | മില്ലുകൾ ഉപയോഗിയ്ക്കുന്ന മോയിസ്ച്ചർ മെഷീനുകളുടെ കൃത്യത പരിശോധിയ്ക്കാറുണ്ടോ വ്യക്തമാക്കുമോ; | (ബി) | ഇല്ല. Moisture meter calibrate ചെയ്യാനുള്ള സംവിധാനം ലീഗൽ മെട്രോളജി നിയമത്തിന്റെ പരിധിയിൽ വരാത്തതിനാൽ ലീഗൽ മെട്രോളജി വകുപ്പ് മുഖേന ഇത്തരത്തിൽ ചെയ്യാൻ സാധിക്കുന്നില്ല. machine വിതരണം ചെയ്യുന്ന കമ്പനി മുഖാന്തിരം machine സർവ്വീസിംഗ് നടത്തുമ്പോൾ calibration നടത്താറുണ്ട്. calibrate ചെയ്തു എന്ന് ഉറപ്പ് വരുത്തുന്ന രീതിയിൽ കമ്പനി സർട്ടിഫിക്കറ്റ് നൽകാറില്ല. |
| (സി) | ഒന്നാം വിള സംഭരണത്തിന് മുൻപ് മില്ലുകൾ/മില്ല് ഏജന്റുമാർ ഉപയോഗിക്കുന്ന മോയിസ്ച്ചർ മെഷീനുകൾ കൃത്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (സി) | ഇല്ല. Moisture meter calibrate ചെയ്യാനുള്ള സംവിധാനം ലീഗൽ മെട്രോളജി നിയമത്തിന്റെ പരിധിയിൽ വരാത്തതിനാൽ ലീഗൽ മെട്രോളജി വകുപ്പ് മുഖേന ഇത്തരത്തിൽ ചെയ്യാൻ സാധിക്കുന്നില്ല. machine വിതരണം ചെയ്യുന്ന കമ്പനി മുഖാന്തിരം machine സർവ്വീസിംഗ് |

| | | | |
|---|---|---|---|
| | | | നടത്തുമ്പോൾ calibration നടത്താറുണ്ട്. calibrate ചെയ്തു എന്ന് ഉറപ്പ് വരുത്തുന്ന രീതിയിൽ കമ്പനി സർട്ടിഫിക്കറ്റ് നൽകാറില്ല. |

സെക്ഷൻ ഓഫീസർ